കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# അമ്മമാരും പെങ്ങമ്മാരും

പുരോഗമന കേരളത്തെ ഗ്രസിച്ചിരിക്കുന്ന സദാചാര രോഗത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ കൊച്ചിയിൽ നടന്ന ചുംബന സമരത്തിന് കഴിഞ്ഞിട്ടുണ്ടോ എന്നത് ഇനിയുള്ള നാളുകൾ മറുപടി പറയേണ്ട കാര്യമാണ്. ആൺകോയ്മയിലും ഫാസിസത്തിലും അധിഷ്ഠിതമായ പൊതുബോധത്തിന് പരിക്കേൽപ്പിക്കാൻ ചുംബനത്തിന് കഴിഞ്ഞിട്ടുണ്ടോ എന്നതും ഇനി തെളിഞ്ഞുവരേണ്ടതാണ്. എന്തായാലും സദാചാരരോഗവുമായി ബന്ധപ്പെട്ട അനേകം വിഷയങ്ങളിൽ അതിവിപുലമായ സംവാദങ്ങൾക്ക് വഴി തുറന്നിട്ടുകൊണ്ട് സാവധാനമുള്ള ഒരു സാമൂഹിക പരിവർത്തന പ്രക്രിയയ്ക്ക് ഉമ്മകൾ ഉറവയൊരുക്കി. നേരിട്ടുള്ള വാക്സമരങ്ങളായും സോഷ്യൽമീഡിയ വാഗ്വാദങ്ങളായും ചുംബന ചർച്ചകൾ പടർന്നുപന്തലിക്കുകയാണ്. പ്രതിഫലനങ്ങൾ പ്രതീക്ഷിക്കുക തന്നെ ചെയ്യാം. ചുംബന സമരത്തിന്റെ പ്രഖ്യാപിത ടാർഗറ്റുകൾ സദാചാരഗുണ്ടായിസവും വർഗ്ഗീയ ഫാസിസവുമായിരുന്നെങ്കിലും സമരപ്രക്രിയ നടന്നതോടെ സദാചാര രോഗത്തിന്റെ ശരിക്കുള്ള പല കാരണങ്ങളും സമരസ്ഥലത്ത് തന്നെ വെളിപ്പെട്ടുവന്നു. സമരത്തെ പ്രതിരോധിക്കാനെത്തിയവരെ ഒറ്റനോട്ടത്തിൽ വർഗ്ഗീയ ശക്തികളെന്ന് പറയാമെങ്കിലും ആങ്ങളമാരുടെ ഒരു ആൺകൂട്ടമായിരുന്നു അത്. അമ്മമാരെയും പെങ്ങമ്മാരെയും സംരക്ഷിക്കാനെത്തിയ ചുണക്കുട്ടന്മാർ. 'നിനക്കൊന്നും അമ്മയും പെങ്ങൾമാരും ഇല്ലേടാ' എന്ന് അക്രോശിച്ചുകൊണ്ട് അവർ പൗരുഷരോഷത്താൽ മസിലുപെരുപ്പിക്കുന്നത് ദൃശ്യങ്ങളിൽ കാണാമായിരുന്നു. അമ്മപെങ്ങമ്മാരെക്കുറിച്ച് കുറിച്ച് ആശങ്കയുണ്ടായിരുന്നെങ്കിലും അത്ര മസിലില്ലാത്ത ഒരു കൂട്ടം ചെക്കന്മാർ (വൃദ്ധന്മാരും വരും) സദാചാരലംഘനം കണ്ട് പരിതപിക്കാനും എത്തിയിരുന്നു. ചുരുക്കത്തിൽ പുരുഷന്മാരുടെ ഒരു പുരുഷാരം. (ആൾക്കൂട്ടത്തിന് പുരുഷാരം എന്നു പേരുനൽകിക്കൊണ്ട് സ്ത്രീയുടെ പൊതുപ്രവേശനത്തെ ഭാഷാപരമായിത്തന്നെ നമ്മൾ പുറത്താക്കിയിട്ടുണ്ടല്ലോ). ചുംബന സമരം നടക്കാൻ പോകുന്നു എന്നതിനേക്കാൾ സ്ത്രീകൾ പരസ്യചുംബനത്തിനെത്തുന്നു എന്നതിലായിരുന്നു അവന്മാർക്ക് ചൊടിച്ചിൽ. 'നിനക്കൊന്നും വീട്ടിൽ ചോദിക്കാനും പറയാനും ആരും ഇല്ലേടീ' എന്ന് പറഞ്ഞുകൊണ്ട് പുരുഷാരം സ്ത്രീകളുടെ സംരക്ഷണാധികാരം ഏറ്റെടുത്ത് ഉറഞ്ഞുതുള്ളുന്ന കാഴ്ചയാണ് മറൈൻ ഡ്രൈവിൽ കണ്ടത്. ശിവസേനയും ബജറംഗദളും മുതൽ എസ്.ഡി.പി.ഐയും കെ.എസ്.യുവും വരെ എന്ന് അവരെ വേറിട്ട് വിവക്ഷിക്കാമെങ്കിലും ഫലത്തിൽ എല്ലാവരെയും ഏകോപിപ്പിച്ചത് ആഴത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന ആൺകോയ്മ ബോധം തന്നെയാണ്. ആണുങ്ങളുടേത് മാത്രമായ പൊതു ഇടത്തിൽ പെണ്ണുങ്ങൾ കൂടി പങ്കാളികളാകുന്ന എന്തും തടയാൻ തോന്നുന്ന പുരുഷ ഈഗോയുടെ കുരുപൊട്ടലാണല്ലോ പലപ്പോഴും സദാചാര പോലീസിംഗ് ആയി മാറുന്നത്. കുറുവടി മുതൽ പോത്തുമായി വരെ എത്തിയ പ്രതിഷേധക്കാരുടെ ആഗമനത്തിന് പിന്നിലെ ചേതോവികാരവും ഈ ആണത്തമാണ്. അതാണല്ലോ അന്നേ ദിവസം തന്നെ അവിടെയെത്തി ഒരു സമരത്തെ ഏതുവിധേനെയും തകർക്കാൻ അവരിൽ സമ്മർദ്ദം സൃഷ്ടിച്ചത്. എതിർപ്പുണ്ടെങ്കിൽ അത് സമാനമായ മറ്റൊരു വേദിയിൽ പ്രകടിപ്പിക്കുന്നതിന് പകരം മറൈൻ ഡ്രൈവിൽ തന്നെയെത്തി ചുംബനം തടയാൻ കാണിക്കുന്ന വ്യഗ്രതയുണ്ടല്ലോ, അത് വീട്ടിലിരിക്കേണ്ട പെണ്ണുങ്ങൾ റോഡിലിറങ്ങിയതിന്റെ കലിപ്പു തന്നെയാണ്. ഈ ആങ്ങളമാരുടെ വരുതിയിൽ നിൽക്കാത്ത പെണ്ണുങ്ങളെ 'അടക്കവും ഒതുക്കവും ഇല്ലാത്തവരും' 'അഴിഞ്ഞാട്ടക്കാരികളും' ആക്കി ഇവർ മാറ്റാൻ തുടങ്ങിയിട്ട് ഏറെക്കാലമായല്ലോ. അതേ പുരുഷകാഴ്ചയിലൂടെ നോക്കുന്നതുകൊണ്ടാണ് ചുംബനം ഭാരതീയ സംസ്കാരത്തെ അപമാനിക്കുന്നതായും ലൈംഗിക ചേഷ്ട പരസ്യമാക്കുന്നതായും ഇവർക്ക് തോന്നുന്നത്.

ഇത് അവരുടെയും കുഴപ്പമല്ല. അവരെ ഉണ്ടാക്കിയ ഒരു കുടുംബഘടനയുടെ പ്രശ്നമാണ്. സ്ത്രീകൾക്ക് ഒരു പദവിയുമില്ലാത്ത കേരളത്തിലെ കുടുംബങ്ങളിൽ നിന്നും വരുന്ന ചുണക്കുട്ടന്മാരിൽ നിന്നും ഇതേ പ്രതീക്ഷിക്കേണ്ടതുള്ളൂ. വീട്ടിൽ ചെന്നാൽ അച്ഛൻ അമ്മയെ ശകാരിക്കുന്നതല്ലാതെ സ്നേഹപൂർവ്വം ഒന്ന് തൊടുന്നതുപോലും ഇവർ കണ്ടിട്ടുണ്ടാകില്ല. തുല്യപദവിയോടെ അച്ഛനൊപ്പം അമ്മ ഇരിക്കാറുപോലുമുണ്ടാകില്ല. പെങ്ങമ്മാരുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഈ കുടുംബഘടന നിർമ്മിച്ചെടുത്ത മൂല്യബോധത്താൽ വളർന്ന്, ആണുങ്ങളുടെ മാത്രം ബഞ്ചിലിരുന്ന് പഠിച്ച്, ആണുങ്ങളൊടൊപ്പം മാത്രം കളിച്ച്, ആണുങ്ങളോടൊത്ത് മാത്രം യാത്ര ചെയ്ത് വളർന്നുവരുന്നതോടെ ഇവർ ടിപ്പിക്കൽ ചുണക്കുട്ടനാകും. അമ്മമാർക്കോ പെങ്ങമ്മാർക്കോ എന്തെങ്കിലും പറ്റുന്നുണ്ടോ എന്നുനോക്കി സദാചാര സിംഹമായി മടകളിൽ പതുങ്ങിയിരിക്കും. സ്ത്രീകളെന്നാൽ അമ്മയും പെങ്ങമ്മാരും മാത്രമായിരിക്കുന്ന ഒരു ലോകത്തെയാണ് നമുക്ക് ചുംബിച്ച് മാറ്റാനുള്ളത്. കുട്ടികളെത്തന്നെ പരമാവധി ഉമ്മകൊടുത്ത് വളർത്താം. ഉമ്മകളുടെ അഭാവമാണ് പൗരുഷത്തിന്റെ മാൻപവർ.

**ജോൺസി മറ്റത്തിൽ, പ്രവിത്താനം, കോട്ടയം**

**കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...**
വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം :10,000 രൂപ.
ആജീവനാന്ത വരിസംഖ്യ വിദേശത്തേക്ക് : 8000 രൂപ.
ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ,
സംഭാവന,പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487 2421385, 9446586943